# IDEAL INDIAN SCHOOL, DOHA- QATAR

**Ext. Circular No 46/05/2025**

Date : 20th May 2025
22 Dhul-Qi'dah 1446

**പ്രിയപ്പെട്ട രക്ഷിതാക്കളെ,**

**ആശംസകൾ നേരുന്നു,,**

1. **വേനൽക്കാല സുരക്ഷാ നടപടികൾ**: വേനൽ കാലത്തു വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സ്കൂൾ സ്വീകരിക്കുന്ന നടപടികളെസംബന്ധിച്ച് തങ്ങളുടെ കുട്ടികളെ ബോധവത്കരിക്കണമെന്നു എല്ലാ രക്ഷിതാക്കളോടും അഭ്യർത്ഥിക്കുന്നു.

i. നിങ്ങളുടെ കുട്ടികളോട് തണലുള്ള സ്ഥലം ഉപയോഗിക്കാൻ നിർദ്ദേശിക്കുക, നിശ്ചയിക്കപ്പെട്ട സ്ഥലത്തു മാത്രം കുട്ടികളെ വാഹനത്തിൽ നിന്നിറക്കുകയും, കയറ്റുകയും ചെയ്യുക.

ii. സ്കൂൾ സമയം കഴിഞ്ഞു കൃത്യസമയത്ത് തന്നെ കുട്ടികളെകൂട്ടിക്കൊണ്ടു പോകാൻ രക്ഷിതാക്കളോട് അഭ്യർത്ഥിക്കുന്നു. സ്കൂൾ പരിസരത്തിന് പുറത്ത് കാത്തിരിക്കുന്ന കുട്ടികളുടെ സുരക്ഷയ്ക്ക് സ്കൂൾ ഉത്തരവാദിയായിരിക്കില്ല.

iii. സ്വകാര്യവാഹനം ഉപയോഗിക്കുന്ന വിദ്യാർത്ഥികളുടെ കാത്തിരിപ്പ് മുറികൾ, ഗേറ്റിലെ സുരക്ഷാ ജീവനക്കാരോട് ചോദിച്ചു മനസ്സിലാക്കുക.

രക്ഷിതാക്കൾ കുട്ടികളെ കൂട്ടിക്കൊണ്ടു പോകാൻ വൈകിയാൽ, ഈ റൂമുകളിൽ കുട്ടികൾ കാത്തിരിക്കുന്നതായിരിക്കും.

(iv). അന്തരീക്ഷ താപനില ഉയരുമ്പോൾ,തീവ്രമായ ചൂടിൽ സ്വീകരിക്കേണ്ട സുരക്ഷാ നടപടികൾ കുട്ടികളെ പരിശീലിപ്പിക്കുക.

2. **മൊബൈൽ ഫോൺ**: സ്കൂളിലേക്ക് മൊബൈൽ ഫോണുകൾ കൊണ്ടുവരുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു. അടിയന്തര സാഹചര്യങ്ങളിൽ, രക്ഷിതാക്കൾ HOS-ന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

അപേക്ഷ സ്വീകരിക്കപ്പെട്ടാൽ, കുട്ടി സ്കൂളിൽ എത്തിയാലുടൻ ഫോൺ ക്ലാസ് ടീച്ചർക്ക് കൈമാറണം, സ്കൂൾ കഴിഞ്ഞു പോകുമ്പോൾ ഫോൺ മടക്കി വാങ്ങാവുന്നതാണ്.

3. **അപരിചിതരുമായി ബന്ധപ്പെട്ട ജാഗ്രത** : സ്കൂൾ പരിസരത്തിന് പുറത്ത് അപരിചിതരുമായി ഇടപഴകരുതെന്നും പുറത്തുനിന്നുള്ളവർ സമീപിക്കുമ്പോൾ കൂടുതൽ ജാഗ്രത പാലിക്കണമെന്നും, കുട്ടികളെ ഉണർത്താൻ രക്ഷിതാക്കളോട് ആവശ്യപ്പെടുന്നു.

4. **ഹാജർ നില**: ക്ലാസ് വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ നിങ്ങളുടെ കുട്ടിയുടെ ഹാജർ നില പതിവായി പരിശോധിക്കുക. പരീക്ഷ എഴുതാൻ യോഗ്യത നേടുന്നതിന് വിദ്യാർത്ഥികൾക്ക് കുറഞ്ഞത് 75% ഹാജർ നിർബന്ധമാണ്.

5. **വേനലവധി** : ഈ അധ്യയന വർഷത്തെ വേനലവധി 2025 ജൂലൈ 6 ന് ആരംഭിക്കും, സ്കൂൾ, 2025 ഓഗസ്റ്റ് 31 ന് വീണ്ടും തുറക്കും.രക്ഷിതാക്കൾ അതനുസരിച്ച് അവരുടെ അവധിക്കാലം ആസൂത്രണം ചെയ്യേണ്ടതാണ്.

6. **തെറ്റായ വിവരങ്ങൾ**: സ്കൂളിന്റെ സൽപ്പേരിന് കോട്ടം വരുത്തുന്ന തരത്തിൽ നിക്ഷിപ്ത താൽപ്പര്യമുള്ള വ്യക്തികൾ പ്രചരിപ്പിക്കുന്ന ഒരു വിവരവും വിശ്വസിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യരുതെന്ന് രക്ഷിതാക്കളോട് അഭ്യർത്ഥിക്കുന്നു.

7. **പരാതികൾ**: ഏതൊരു പരാതിയും HOS-നെ അറിയിക്കാവുന്നതാണ്. ഏത് കാര്യത്തിലും ആവശ്യമായ വ്യക്തത തേടാൻ രക്ഷിതാക്കൾ ശ്രമിക്കേണ്ടതാണ് എന്നോർമപ്പെടുത്തുന്നു.

മികച്ച വിദ്യാഭ്യാസ അനുഭവം നൽകുന്നതിനുള്ള ഞങ്ങളുടെ ശ്രമങ്ങളിൽ നിങ്ങളുടെ സഹകരണത്തിനും തുടർച്ചയായ പിന്തുണയ്ക്കും ഐഡിയൽ ഇന്ത്യൻ സ്കൂൾ ആത്മാർത്ഥമായി നന്ദി പറയുന്നു.

**Shaikh Shamim Saheb**
**Principal**